## ലേബർ കമ്മീഷണറുടെ നടപടിക്രമം

**(ഹാജർ: എ.അലക്സാണ്ടർ ഐഎഎസ്)**

വിഷയം:- തൊഴിൽ വകുപ്പ് - സൂര്യാഘാതം - മുൻ കരുതലെന്ന നിലയിൽ ജോലി സമയം പുന:ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നമ്പർ. ഇഎൻഎഫ്(2)/2216/2018 തീയതി: 21.02.2018**

വേനൽക്കാലം ആരംഭിച്ച സാഹചര്യത്തിൽ പകൽ താപനില ക്രമാതീതമായി ഉയരുന്നതിനാൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കുന്നതിനുള്ള സാഹചര്യമുണ്ട്. ആയതിനാൽ പൊതുജന താൽപ്പര്യം മുൻനിർത്തി 1958-ലെ കേരള മിനിമം വേജസ് ചട്ടങ്ങളിലെ ചട്ടം 24(3) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സംസ്ഥാനത്തിനുള്ളിൽ വെയിലത്ത് നിന്ന് പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സമയം 2018 ഫെബ്രുവരി 22 മുതൽ ഏപ്രിൽ 30 വരെ താഴെപ്പറയുന്ന രീതിയിൽ പുന:ക്രമീകരിച്ചു കൊണ്ട് ഉത്തരവാകുന്നു. പ്രാദേശികമായി അടിയന്തിര സാഹചര്യം കണക്കിലെടുത്ത് ടി തീയതിയിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ഇതുസംബന്ധമായ റിപ്പോർട്ട് ബന്ധപ്പെട്ട റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ ലേബർ കമ്മീഷണർക്ക് നൽകേണ്ടതാണ്.

പകൽ ഷിഫ്റ്റിൽ ജോലി ചെയ്യുന്നവർക്ക് ഉച്ചയ്ക്ക് 12:00 മണി മുതൽ 3:00 മണി വരെ വിശ്രമവേളയായിരിക്കും. ഇവരുടെ ജോലി സമയം രാവിലെ 7:00 മണി മുതൽ വൈകുന്നേരം 7:00 മണി വരെയുള്ള സമയത്തിനുള്ളിൽ എട്ടു മണിക്കൂറായി നിജപ്പെടുത്തുന്നു. രാവിലെയും ഉച്ചയ്ക്കുശേഷവും ഉള്ള മറ്റു ഷിഫ്റ്റുകളിലെ ജോലി സമയം ഉച്ചയ്ക്ക് 12:00 മണിക്ക് അവസാനിക്കുന്ന പ്രകാരവും വൈകുന്നേരം 3:00 മണിക്ക് ആരംഭിക്കുന്ന പ്രകാരവും പുന:ക്രമീകരിക്കുന്നു.

സമുദ്രനിരപ്പിൽ നിന്ന് 3000 അടിയിൽ കൂടുതൽ ഉയരമുള്ള സൂര്യാഘാതത്തിന് സാദ്ധ്യതയില്ലാത്ത മേഖലകളെ ഈ ഉത്തരവിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നു. സംസ്ഥാനത്തെ ജില്ലാ ലേബർ ഓഫീസർ(ഇ) മാർ ഈ ഉത്തരവ് നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
ലേബർ കമ്മീഷണർ

1. എല്ലാ ജില്ലാ കളക്ടർമാർക്കും.
2. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും
3. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
4. പബ്ലിസിറ്റി ഓഫീസർ,
5. വെബ്മാസ്റ്റർ
6. ഫയൽ/സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട് (ജി)

എസ്.എൻ/